REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നാലു ദിവസത്തെ ജപ്പാൻ-ചൈന സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ യാത്ര തിരിക്കും.**
- **സപ്ലൈകോ-കൺസ്യൂമർഫെഡ് വിപണന മേളകൾ സമൃദ്ധമായ ഓണം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് റേഷൻ കടകൾ വഴി സൗജന്യ ഓണക്കിറ്റ് വിതരണത്തിന് ഇന്ന് തുടക്കമാകും.**
- **ഇന്ന് വിനായക ചതുർത്ഥി.**
- **തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ തൃശൂർ ടൈറ്റൻസിനും, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനും വിജയം.**

## വാർത്തകൾ വിശദമായി

നാലു ദിവസത്തെ ജപ്പാൻ-ചൈന സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ യാത്ര തിരിക്കും. ജപ്പാനിൽ ഇന്ത്യ - ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബയുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തും.

29,30 തിയ്യതികളിലെ ജപ്പാൻ സന്ദർശനത്തിന് ശേഷം ഓഗസ്റ്റ് 31നും സെപ്തംബർ ഒന്നിനും നരേന്ദ്രമോദി ചൈന സന്ദർശിക്കും. ടിയാൻജിൻ ഷാങ്ങ്ഹായ് സഹകരണ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചകോടിക്കെത്തുന്ന രാഷ്ട്ര നേതാക്കളുമായി നരേന്ദ്രമോദി കൂടിക്കാഴ്ചയും നടത്തും.

✪✪✪

സംസ്ഥാന സർവ്വകലാശാലകൾ ,പോളിടെക്നിക്കുകൾ ,കേന്ദ്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ 21 അധ്യാപകരെ 2025 ലെ ദേശീയ അധ്യാപക അവാർഡുകൾക്ക് തെരഞ്ഞെടുത്തതായി വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. അധ്യാപന രംഗത്തെ മികവ്, പഠന ഫലപ്രാപ്തി,ഗവേഷണം എന്നിവ അടിസ്ഥാനമാക്കിയാണ് ഇവരെ തെരഞ്ഞെടുത്തതെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

സമൂഹത്തിന്റെ ഗുണപരമായ വികസനവും മുഴുവൻ സമൂഹത്തിന്റെയും പങ്കാളിത്തവുമാണ് രാജ്യത്തെ വീണ്ടും മഹത്തരമാക്കാൻ ഏക മാർഗമെന്ന് RSS മേധാവി മോഹൻ ഭാഗവത് പറഞ്ഞു. ന്യൂഡൽഹിയിൽ സംഘയാത്രയുടെ 100 വർഷങ്ങൾ പുതിയ ചക്രവാളങ്ങൾ എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു ഭാഗവത്.

✪✪✪

GST നിരക്കുകളെ പറ്റി ഊഹാപോഹങ്ങൾ പരത്തുന്നത് ഒഴിവാക്കണമെന്ന് കേന്ദ്ര പരോക്ഷ നികുതി ബോർഡ് അഭ്യർത്ഥിച്ചു. നിരക്കുകൾ സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന GST കൗൺസിലാണ് കൂട്ടായ തീരുമാനം എടുക്കുന്നതെന്ന് സാമൂഹ്യമാധ്യമ പോസ്റ്റിൽ അവർ അറിയിച്ചു. അടുത്ത മാസം 3,4 തിയതികളിലാണ് GST കൗൺസിൽ യോഗം ചേരുന്നത്.

✪✪✪

സപ്ലൈകോയും കൺസ്യൂമർഫെഡും സഹകരണ സംഘങ്ങളും ഓണക്കാലത്ത് ഒരുക്കുന്ന വിപണന മേളകളിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും സമൃദ്ധമായ ഓണം ഗവൺമെന്റ് ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആഘോഷ വേളയിൽ ഗവൺമെന്റ് വലിയ വിപണി ഇടപെടലാണ് നടത്തുന്നതെന്ന് അദ്ദേഹം തിരുവന്തപുരത്ത് അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.......

കൺസ്യൂമർഫെഡ് ഓണച്ചന്തകളുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖമന്ത്രി. 1,800 ഓണച്ചന്തകളാണ് കൺസ്യൂമർഫെഡ് ആരംഭിക്കുന്നത്. പത്ത്ത ദിവസം പ്രവർത്തിക്കുന്ന ഓണച്ചന്തകൾ വഴി മുന്നൂറ് കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്.

ഓണക്കാലത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചതായി പിണറായി വിജയൻ പറഞ്ഞു. മഞ്ഞ കാർഡ് ഉടമകൾക്കും, ക്ഷേമ സ്ഥാപനങ്ങൾക്കും 14 ഇനങ്ങൾ അടങ്ങിയ ഓണക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. നെൽ കർഷകർക്ക് സംഭരിച്ച നെല്ലിന്റെ സബ്സിഡി തുക വിതരണം പൂർത്തിയാക്കിയതായും മുഖ്യമന്ത്രി അറിയിച്ചു.  മന്ത്രി V ശിവൻകുട്ടി ചടങ്ങിൽ ആദ്യ വില്പന നിർവഹിച്ചു.

✪✪✪

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലെ വിളവെടുപ്പ് മന്ത്രി P പ്രസാദ് രാവിലെ സെക്രട്ടേറിയറ്റ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്യും. ഓണക്കാലത്ത് വീട്ടുവളപ്പിൽ വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാണ് സംസ്ഥാന വ്യാപകമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ആരംഭിച്ചത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഓണം വാരാഘോഷങ്ങൾക്ക് മുന്നോടിയായി മാലിന്യ രഹിത ഹരിത ഓണം എന്ന സന്ദേശവുമായി മാവേലി യാത്ര ഇന്ന് ആരംഭിക്കും. രാവിലെ മന്ത്രി MB രാജേഷ് യാത്ര ഉദ്ഘാടനം ചെയ്യും. എഴ് ദിവസം തിരുവനന്തപുരം ജില്ലയിൽ മാവേലി യാത്രകൾ ഉണ്ടായിരിക്കും.

✪✪✪

സപ്ലൈകോയുടെ ഓണം ഫെയർ 2025-ന്റെ കൊല്ലം ജില്ലാതല ഉദ്ഘാടനം ആശ്രാമം മൈതാനത്ത് മന്ത്രി KN ബാലഗോപാൽ  നിർവഹിച്ചു. വിപണിയിലെ കാര്യക്ഷമമായ ഇടപെടലിലൂടെ ന്യായവിലയ്ക്ക് ഉത്പ്പന്നങ്ങൾ ഫെയറുകളിൽ ലഭ്യമാകുമെന്ന് മന്ത്രി  പറഞ്ഞു.

✪✪✪

സപ്ലൈക്കോയുടെ കോഴിക്കോട് ജില്ലാ ഓണം ഫെയർ മേയർ ഡോ. ബീനാ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. സപ്ലൈക്കോയുടെ സഞ്ചരിക്കുന്ന ഓണച്ചന്തയ്ക്കും ഇന്നലെ തുടക്കമായി.

✪✪✪

ഈ ഓണക്കാലത്ത് വിലക്കയറ്റവും അവശ്യ വസ്തുക്കളുടെ ക്ഷാമവും ജനങ്ങളെ അലട്ടില്ലെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. എല്ലാവർക്കും സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുമെന്ന് അദ്ദേഹം അറിയിച്ചു. കാസർകോട് ജില്ലാ സപ്ലൈകോ ഓണം ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഓണക്കാലത്തെ കൃത്രിമ വിലക്കയറ്റവും ക്ഷാമവും തടയാൻ സപ്ലൈക്കോ-യ്ക്ക് 100 കോടി രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് റേഷൻ കടകളിലെ സൗജന്യ ഓണക്കിറ്റ് വിതരണത്തിന് ഇന്ന് തുടക്കമാകും. സെപ്റ്റംബർ രണ്ടാം തീയതിയോടെ വിതരണം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും 3,4 തീയതികളിലും കിറ്റുകൾ ലഭ്യമാകും.

സൗജന്യ ഓണക്കിറ്റ് വിതരണം മന്ത്രി G.R അനിൽ ഇന്നലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

✪✪✪

കുടുംബശ്രീ സംസ്ഥാനതല ഓണം  വിപണന മേള മന്ത്രി നാളെ മന്ത്രി MB രാജേഷ് തൃശൂരിൽ ഉദ്ഘാടനം ചെയ്യും. കുടുംബശ്രീ കർഷക സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങളും  ഭക്ഷ്യ-ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ വിപണിയിലെത്തിക്കും. സെപ്റ്റംബർ നാല് വരെയാണ്  മേളകൾ.

✪✪✪

ഇന്ന് വിനായക ചതുർത്ഥി. ഗണപതിയുടെ ജന്മദിനമാണ് വിനായക ചതുർത്ഥിയായി ആഘോഷിക്കുന്നത്. പത്തു ദിവസം നീളുന്ന ഗണേശോത്സവത്തിന്റെ അവസാന ദിവസം ഗണപതി വിഗ്രഹങ്ങൾ ജലാശയങ്ങളിൽ നിമജ്ജനം ചെയ്യും

✪✪✪

ചരക്ക് സേവന നികുതി നിരക്കുകൾ കുറയ്ക്കുന്നതിനെ തുടർന്ന് കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളുടെ വരുമാനത്തിൽ വൻ തിരിച്ചടിയുണ്ടാകുമെന്ന് മന്ത്രി KN ബാലഗോപാൽ അഭിപ്രായപ്പെട്ടു.  സെപ്റ്റംബർ 3, 4 തിയതികളിലെ GST കൗൺസിൽ യോഗത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

GST നഷ്ടപരിഹാരം കഴിഞ്ഞ വർഷ അവസാനിപ്പിച്ചതോടെ ആദ്യ വർഷം തന്നെ കേരളത്തിന് 21,955 കോടി രൂപയുടെ നഷ്ടമുണ്ടായി. ഈ വർഷം  8,000 മുതൽ 10,000 കോടി രൂപയുടെ വരെ അധിക നഷ്ടമുണ്ടാകുമെന്നും മന്ത്രി വിലയിരുത്തി.

✪✪✪

മണ്ണ് ഇടിച്ചിലിനെ തുടർന്ന്  വയനാട് - താമരശ്ശേരി ചുരം പൂർണമായി അടച്ചു. ഇന്നലെ രാത്രിയോടെയാണ് ചുരത്തിൽ ഗതാഗതം നിരോധിച്ചത്.  രാവിലെ വിദഗ്ധ സംഘമെത്തി ചുരത്തിൽ പരിശോധന നടത്തും.

വയാനാട്ടിൽ നിന്ന് അരുൺ വിൻസന്റ്...

......വോയ്സ്.......

✪✪✪

17-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്ര മേള വൈകിട്ട് തിരുവനന്തപുരത്ത് സമാപിക്കും. കൈരളി തിയേറ്ററിലെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ രാകേഷ് ശർമ്മയ്ക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മുഖ്യമന്ത്രി സമ്മാനിക്കും

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ തൃശൂർ ടൈറ്റൻസിനും, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനും വിജയം. കൊച്ചി ബ്ലൂ ടൈഗേഴ്സിനെ അഞ്ച് വിക്കറ്റിനാണ് തൃശൂർ ടൈറ്റൻസ് തോൽപ്പിച്ചത്. ആലപ്പി റിപ്പിൾസിനെ 44 റൺസിന് തോൽപ്പിച്ച് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് തുടർച്ചയായ രണ്ടാം വിജയവും നേടി.

KCLൽ ഇന്ന് ഉച്ചയ്ക്ക് 2.30-ന് ആദ്യ മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും. വൈകിട്ട് 6.45-ന് രണ്ടാം മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസും, തൃശൂർ ടൈറ്റൻസും ഏറ്റു മുട്ടും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 31ന് ആനക്കാം പൊയിൽ -കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം ഉദ്ഘാടനം ചെയ്യും. ഫറോക്ക് താലൂക്ക്  ആശുപത്രിയുടെ പുതിയ കെട്ടിടവും മുഖ്യമന്ത്രി നാടിന് സമർപ്പിക്കും. വനം വകുപ്പിന്റെ മനുഷ്യ - വന്യജീവി സംഘർഷം ജനകീയ സദസ്സിലും പിണറായി വിജയൻ പങ്കെടുക്കും.

✪✪✪

സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ കേരള ബിൽഡിംഗ് രജിസ്ട്രി ആന്റ് ലോ-കാർബൺ ട്രാൻസിഷൻ ശില്പശാല രാവിലെ മന്ത്രി K കൃഷ്ണൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഊർജ്ജ കാര്യക്ഷമത കൂട്ടുന്നതും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതുമായ നിർമ്മാണരീതികൾ ശില്പശാല ചർച്ച ചെയ്യും.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ വിഷയത്തിൽ നിന്ന് ജനശ്രദ്ധ തിരിക്കാനാണ് പ്രതിപക്ഷനേതാവ് VD സതീശൻ ശ്രമിക്കുന്നതെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. രാഹുലിന്റെ രാജി ആവശ്യപ്പെടാതെ കോൺഗ്രസ് നേതൃത്വം പാലക്കാട്ടെ ജനങ്ങളെ വഞ്ചിക്കുകയാണെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

കൊച്ചിയിലെ സതേൺ നേവൽ കമാൻഡിൽ ഇന്നും നാളെയും നാവികസേന 'ഇന്ത്യൻ ഓഷ്യൻ നേവൽ സിമ്പോസിയത്തിന്റെ ഭാഗമായി 'എമർജിംഗ് ലീഡേഴ്സ് പാനൽ ചർച്ച' നടത്തും. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സമുദ്ര സുരക്ഷയെയും പ്രാദേശിക സഹകരണത്തെയും സംബന്ധിച്ച ചർച്ചകൾ രണ്ട് ദിവസത്തെ പരിപാടിയിൽ ഉണ്ടായിരിക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന 2026ലെ ഹജ്ജിന് തിരഞ്ഞെടുത്തവർക്ക് മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കും. ആദ്യ ബാച്ചിന്റെ പരിശീലനം സെപ്തംബർ ഒന്നിന് മന്ത്രി V അബ്ദുറഹ്മാൻ താനൂരിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

ഗ്രാമീണ മേഖലകളിലെ ഹോട്ടലുകൾക്കും, റിസോർട്ടുകൾക്കും, ഹോം സ്റ്റേകൾക്കും നൽകുന്ന സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിങ്ങിൽ മലപ്പുറം ജില്ലയിലെ 23 സ്ഥാപനങ്ങളെ ഉൾപ്പെടുത്തി. 15 സ്ഥാപനങ്ങൾക്ക് ഫൈവ് ലീഫും, എട്ട് സ്ഥാപനങ്ങൾക്ക് വൺ ലീഫും ലഭിച്ചു. കേന്ദ്ര ടൂറിസം മന്ത്രാലയവും സ്വച്ഛ് ഭാരത് മിഷനും ചേർന്നാണ് വൃത്തിയും ശുചിത്വവും പരിശോധിച്ച് റേറ്റിംഗ് നൽകുന്നത്.

✪✪✪

പത്തനംതിട്ട അച്ചൻകോവിലാറിന്റെ കല്ലറക്കടവിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ടാമത്തെ വിദ്യാർത്ഥിക്കായി രാവിലെ തെരച്ചിൽ ആരംഭിക്കും. ഒഴുക്കിൽപെട്ട് മരിച്ച അഞ്ചക്കാലയിലെ അജ്സൽ അജിയുടെ മൃതദേഹം കണ്ടെത്തിയിരുന്നു.

✪✪✪

താമരശ്ശേരി - കൊയിലാണ്ടി - എടവണ്ണ സംസ്ഥാന പാതയിലെ കൂടത്തായി പാലത്തിന് വലിയ കേടുപാടുകളില്ലെന്നും നിലവിൽ വാഹനങ്ങൾക്ക് കടന്നുപോകാമെന്നും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിട്യൂട്ട് വിദഗ്ധസംഘം അറിയിച്ചു. എന്നാൽ പാലത്തിന്റെ സ്ലാബുകൾക്കിടയിൽ ചെറിയ നീക്കം കാണുന്നുണ്ടെന്ന് KHRI ഡെപ്യൂട്ടി ഡയറക്ടർ JSD സോണി പറഞ്ഞു.

✪✪✪

*News Editor : വി കെ സുരേഷ്*
*Reader : അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*